# ചെയർമാൻ മാവോ സേതുങ്ങ്

★

## പാർട്ടിയിലെ തെററായ ആശയങ്ങൾ തിരുത്തുന്നതിനെപ്പററി

(1929 ഡിസമ്പർ)

[തിരഞ്ഞെടുത്ത സൈനിക കൃതികൾ—3-ാം ലേഖനം]

(പരിഷ്കരിച്ച രണ്ടാംപതിപ്പ്)

ചൈനാ പബ്ലിക്കേഷൻസ്,
കല്ലായ് റോഡ്, കോഴിക്കോട്-2,
കേരളം.

[മാർച്ച് 1970]

# CHAIRMAN MAO TSETUNG

★

# ON CORRECTING MISTAKEN IDEAS IN THE PARTY

(DECEMBER 5, 1930)

*[ Selected Military Writings — 3rd Article ]*

(Second Revised Edition)

CHINA PUBLICATIONS
KALLAI ROAD, CALICUT-2.
KERALA

(*March 1970*)

# ചെയർമാൻ മാവൊ സേതുങ്ങ്

---

## പാർട്ടിയിലെ തെററായ ആശയങ്ങാം തിരുത്തുന്നതിനെപ്പററി

ഡിസമ്പർ 1929.

[ചുകപ്പുസേനയിലെ നാലാം സൈന്യത്തിൻെറ ഒമ്പതാം പാർട്ടി കോൺഗ്രസ്സിന്നുവേണ്ടി സഖാവു് മാവോ സെതുങ്ങ് തയ്യാറാക്കിയ ഒരു പ്രമേയമാണ് ഈ ലേഖനം. ചൈനയുടെ ജനകീയ സായുധസേനകളെ കെട്ടിപ്പടുക്കുന്നതു് വിഷമകരമായ ഒരു പ്രക്രിയയായിരുന്നു. നാൻചാങ്ങ് ഉയത്തെഴുന്നേല്പിന്നിടയിൽ 1927 ആഗസ്റ്റ് 1-ാംനു-യായിരുന്നു ചൈനീസ് ചുകപ്പുസേന സൃഷ്ടിക്കപ്പെട്ടതു്. (ഇതു പിന്നീട് ജപ്പാന്നെതിരായ ചെറുത്തുനില്പ് യുദ്ധത്തിൽ എട്ടാംപഥസൈന്യവും പുതിയ നാലാംസൈന്യവും ആയിത്തീൻു. ഇപ്പോഴതു് ജനകീയവിമോചന സേനയാണ്.) 1929 ഡിസമ്പറോടുകൂടി അതു് രണ്ടു വഷത്തിലധികമായി നിലവിൽവന്നിട്ടു്. ഈ കാലഘട്ടത്തിൽ വിവിധ തെററായ ആശയങ്ങളോടു് പോരാടുന്നതിന്നിടയിൽ ചുകപ്പുസേനയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി സംഘടന വളരെയേറെ പഠിക്കുകയും തികച്ചും സമൃദ്ധമായ ഒരു അനുഭവസമ്പത്തു് നേടുകയും ചെയ്തിട്ടുണ്ടു്. ഈ പ്രമേയം ഈ അനുഭവത്തെ ആകത്തുകയായി വിലയിരുത്തിയിരിക്കുന്നു. ഒരു മാർക്സിസ്റ്റ്-ലെനിനിസ്റ്റ് അടിസ്ഥാനത്തിൽ മാത്രം തങ്ങളെ കെട്ടിപ്പടുക്കാനും പഴയ രീതിയിലുള്ള സൈന്യങ്ങളുടെ എല്ലാ സ്വാധീനങ്ങളും ഇല്ലായ്മ ചെയ്യാനും ചുകപ്പുസേനയെ ഇതു കഴിവുള്ളതാക്കി. നാലാംസൈന്യത്തിൽ മാത്രമല്ല ഇതു് നടപ്പിലാക്കിയ

സായുധരാക്കാനും, വിപ്ലവപരമായ രാഷ്ട്രീയാധികാരം സ്ഥാപിക്കാൻ അവരെ സഹായിക്കാനുംകൂടിയാണ് അവർ പോരാടുന്നത്. ഈ ഉദ്ദേശങ്ങളില്ലെങ്കിൽ പോരാട്ടത്തിന്ന് അർത്ഥമില്ലാതാകുന്നു; അതിന്റെ നിലനില്പിന്നുള്ളതായ കാരണംകൂടി ചുകപ്പ് സേനക്ക് നഷ്ടപ്പെടുന്നു.

3. അങ്ങിനെ സംഘടനാപരമായി ഈ സഖാക്കൾ ചുകപ്പുസേനയുടെ രാഷ്ട്രീയപ്രവർത്തനം നടത്തുന്ന വകുപ്പുകളെ സൈനികപ്രവർത്തനം നടത്തുന്ന വകുപ്പുകൾക്കു കീഴ്പ്പെടുത്തി നിറുത്തുകയും ''പുറത്തുള്ള കാര്യങ്ങൾ സൈനിക ഹെഡ്ക്വാർട്ടേഴ്സ് കൈകാര്യം ചെയ്യട്ടെ.'' എന്ന മുദ്രാവാക്യം മുന്നോട്ടുവെയ്ക്കുകയും ചെയ്യുന്നു. ഈ ആശയം വളരുവാനനുവദിക്കുകയാണെങ്കിൽ ബഹുജനങ്ങളിൽനിന്ന് അകന്നുപോകുക, സേനയാൽ ഗവർമ്മേണ്ട് നിയന്ത്രിക്കപ്പെടുക, തൊഴിലാളിവർഗ്ഗനേതൃത്വത്തിൽനിന്ന് വ്യതിചലിക്കുക എന്നീ അപകടങ്ങൾക്കും വഴിവെയ്ക്കുന്നു. ഇതാകട്ടെ കുമിന്താങ്ങ് സേനയെപ്പോലെ യുദ്ധപ്രഭുത്വത്തിന്റെ പാത സ്വീകരിക്കുകയായിരിക്കുംഫലം.

4. അതേസമയം പ്രചരണപ്രവർത്തനത്തിൽ പ്രചരണടീമുകളുടെ പ്രാധാന്യം അവർ കാണുന്നില്ല. ബഹുജനസംഘടനയുടെ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം സേനയിൽ സൈനികരുടെ കമ്മിററികൾ സംഘടിപ്പിക്കുന്നതും പ്രാദേശികമായി തൊഴിലാളികളേയും കൃഷകരേയും സംഘടിപ്പിക്കുന്നതും അവർ അവഗണിക്കുന്നു. ഇതിൻ ഫലമായി പ്രചരണ പ്രവർത്തനത്തെപ്പോലെത്തന്നെ സംഘടനാപ്രവർത്തനവും അവർ കൈവെടിയുന്നു.

5. ഒരു യുദ്ധത്തിൽ ജയിക്കുമ്പോൾ അവർ അഹങ്കരിക്കുകയും പരാജയപ്പെടുമ്പോൾ നിർവ്വീര്യരാകുകയും ചെയ്യുന്നു.

6. സ്വാർത്ഥപരമായ വകുപ്പ് മനോഭാവം — അവർ നാലാംസൈന്യത്തെക്കുറിച്ച് മാത്രം ചിന്തിക്കുകയും പ്രാദേശിക ബഹുജനങ്ങളെ സായുധരാക്കുകയെന്നത് ചുകപ്പുസേനയുടെ ഒരു പ്രധാന കടമയാണെന്ന് മനസ്സിലാക്കാതിരിക്കുകയും ചെയ്യുന്നു. പെരുപ്പിച്ച രൂപം കൈക്കൊണ്ട ആ ''ചെറുഗ്രൂപ്പ്'' മനോഭാവമാണിത്.

7. നാലാംസൈന്യത്തിലെ അവരുടെ പരിമിതമായ ചുററുപാടുകരംക്കു് അപ്പുറം കാണാൻ കഴിയാത്തതിനാൽ, ചുരുക്കം ചില സഖാക്കരം മററു യാതൊരു വിപ്ലവശക്തികളും നിലനില്ക്കുന്നില്ല എന്നു വിശ്വസിക്കുന്നു. ഇതിൻ ഫലമായി അവർ ശക്തി ചിലവഴിക്കാതെ സൂക്ഷിക്കുകയും, സംഘട്ടനം ഒഴിവാക്കുകയും എന്ന ആശയത്തിനു് അങ്ങേ അററം അടിമപ്പെടുന്നു. അവസരവാദത്തിൻെറ അവശിഷ്ടമാണിതു്.

8. വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ സാഹചര്യങ്ങളെ അവഗണിച്ചുകൊണ്ടു് ചില സഖാക്കരം വിപ്ലവഅസഹിഷ്ണത എന്ന രോഗത്താൽ വിഷമിക്കുന്നു. ബഹുജനങ്ങരംക്കിടയിൽ കുലങ്കഷവും വിശദവുമായ പ്രവർത്തനം നടത്താൻ അവർ മിനക്കെടുന്നില്ല. പകരം വ്യാമോഹങ്ങളിൽപെട്ടു് വലഞ്ഞു് വലിയ കാര്യങ്ങരം ചെയ്യാൻ മാത്രം അവർ ആഗ്രഹിക്കുന്നു. ഇതു് പുഛരിസത്തിൻെറ[1] ഒരു അവശിഷ്ടമാണു്.

തനി സൈനികമായ കാഴ്ചപ്പാടിൻെറ ഉറവിടങ്ങരം ഇവയാണു് :

1. ഒരു താഴ്ന്ന രാഷ്ട്രീയനിലവാരം— സേനയിൽ രാഷ്ട്രീയ നേതൃത്വത്തിൻേറതായ പങ്കു് അംഗീകരിക്കുന്നതിലും ചുവപ്പുസേനയും വെള്ളസേനയും മൗലികമായി തന്നെ വ്യത്യസ്തങ്ങളാണെന്നു അംഗീകരിക്കുന്നതിലുമുള്ള പരാജയം ഇതിൽനിന്നാണു് ഉത്ഭവിക്കുന്നതു്.

2. കൂലിപ്പട്ടാള മനോഭാവം— കഴിഞ്ഞകാല പോരാട്ടങ്ങളിൽ തടവുകാരായി പിടിക്കപ്പെട്ട ധാരാളം പേർ ചുകപ്പുസേനയിൽ ചേന്നിട്ടുണ്ടു്. ഇത്തരം ആരംക്കാർ അവരോടൊപ്പംതന്നെ വ്യക്തമായ ഒരു കൂലിപ്പടവീക്ഷണം കൊണ്ടുവരികയും അതുവഴി കീഴെയുള്ള അണികളിൽ തനി സൈനികമായ കാഴ്ചപ്പാടിനുള്ള ഒരു അടിത്തറ ഉണ്ടാക്കുകയും ചെയ്യുന്നു.

3. മേൽ കൊടുത്ത രണ്ടു കാരണങ്ങളിൽനിന്നും

മൂന്നാമതൊരു കാരണം ഉടലെടുക്കുന്നു. അതായതു് സൈനികശക്തിയിൽ അമിതമായ വിശ്വാസവും വിപുലമായ ബഹുജന വിഭാഗങ്ങളുടെ ശക്തിയിൽ വിശ്വാസമില്ലായ്മയും.

4. സജീവമായി സൈനിക പ്രവർത്തനത്തിൽ ശ്രദ്ധ ചെലുത്തുകയും അതു് ചർച്ച ചെയ്യുകയും ചെയ്യുന്നതിലുള്ള പാർട്ടിയുടെ പരാജയം ഒട്ടേറെ സഖാക്കൾക്കിടയിൽ തനി സൈനികമായ കാഴ്ചപ്പാടിന്റെ ആവിർഭാവത്തിനുള്ള ഒരു കാരണം കൂടിയാണു് :

ഇവ തിരുത്തുവാനുള്ള സമ്പ്രദായങ്ങൾ താഴെ പറയും പ്രകാരമാണു്.

1. ശിക്ഷണം വഴി പാർട്ടിയിലെ രാഷ്ട്രീയ നിലവാരം ഉയർത്തുകയും തനി സൈനികമായ കാഴ്ചപ്പാടിന്റെ സിദ്ധാന്തപരമായ വേരുകൾ നശിപ്പിക്കുകയും ചുകപ്പുസേനയും വെള്ളസേനയും തമ്മിലുള്ള മൗലികമായ വ്യത്യാസത്തെക്കുറിച്ചു് വ്യക്തത കൈവരുത്തുകയും ചെയ്യുക. അതേ സമയം അവസരവാദത്തിന്റേയും പുഛരിസത്തിന്റേയും അവശിഷ്ടങ്ങളെ ഇല്ലാതാക്കുകയും നാലാം സൈന്യത്തിന്റെ സ്വാർത്ഥപരമായ വകുപ്പ് മനോഭാവം തകർക്കുകയും ചെയ്യുക.

2. ഓഫീസർമാരുടേയും അണികളുടേയും രാഷ്ട്രീയ പരിശീലനവും പ്രത്യേകിച്ചും മുൻകാല തടവുകാരുടെ ശിക്ഷണവും തീക്ഷ്ണമാക്കുക. അതേ സമയം പ്രാദേശിക ഗവമ്മേണ്ടുകൾ ചുകപ്പുസേനയിൽ ചേരാനായി സമരത്തിൽ പരിചയം സിദ്ധിച്ച തൊഴിലാളികളേയും കർഷകരേയും സാദ്ധ്യമാകാവുന്നത്ര തിരഞ്ഞെടുക്കട്ടെ. അങ്ങിനെ തനി സൈനികമായ കാഴ്ചപ്പാടിനെ സംഘടനാപരമായി ബലഹീനമാക്കാനും, അല്ലെങ്കിൽ ഇല്ലായ്മ ചെയ്യാൻ പോലും കഴിയുന്നതാണു്.

3. ചുകപ്പുസേനയിലെ പാർട്ടി സംഘടനകളുടേയും, ഓഫീസർമാർ അണികൾ എന്നിവരുടേയും മേൽ സ്വാധീനം ചെലുത്താൻ വേണ്ടി, ചുകപ്പുസേനയിലെ പാർട്ടി സം

ഘടനകളെ വിമശിക്കാൻ പ്രാദേശിക പാട്ടി സംഘടനകളേയും, ചുകപ്പുസേനയെത്തന്നെ വിമശിക്കാൻ ബഹുജന രാഷ്ട്രീയാധികാരത്തിൻെറ സംഘടനകളേയും ഉണത്തിവിടുക.

4. പാർട്ടി സൈനിക പ്രവത്തനത്തിൽ സജീവമായി ശ്രദ്ധ ചെലുത്തുകയും അതു് സജീവമായി ചച്ച് നടത്തുകയും ചെയ്യേതീരു. അണികാം നടപ്പിലാക്കുന്നതിന്നുമുമ്പെ എല്ലാ പ്രവത്തനവും പാർട്ടി ചച്ച്ചെയ്യുകയും അവയെപ്പററി തീരുമാനമെടുക്കുകയും ചെയ്യുകതന്നെ വേണം.

5. ചുകപ്പുസേനയുടെ കടമകളും അതിൻെറ ആകത്തുകയായ സൈനികവും രാഷ്ട്രീയവുമായ സംഘടനകാം തമ്മിലുള്ള ബന്ധവും, ചുകപ്പുസേനയും വിപുലമായ ബഹുജന വിഭാഗങ്ങളും തമ്മിലുള്ള ബന്ധവും, സൈനികരുടെ കമ്മിററികളുടെ അധികാരങ്ങളും, പ്രവൃത്തികളും, ഈ കമ്മിററികളും സൈനികവും രാഷ്ട്രീയവുമായ സംഘടനകളും തമ്മിലുള്ള ബന്ധവും വ്യക്തമായി നിവ്വചിക്കുന്ന ചുകപ്പുസേനയുടെ നിയമാവലികളും ചട്ടങ്ങളും തയ്യാറാക്കുക.

## അതിരുകടന്ന ജനാധിപത്യത്തെപ്പററി

ചുകപ്പുസേനയുടെ നാലാംസൈന്യം കേന്ദ്രക്കമ്മിററിയുടെ നിദ്ദേശങ്ങാം സ്വീകരിച്ചതു മുതൽ അതിൽ അതിരുകടന്ന ജനാധിപത്യത്തിൻെറ പ്രത്യക്ഷ പ്രകടനങ്ങളിൽ ഒരു വമ്പിച്ച കുറവുണ്ടായിട്ടുണ്ടു്. ഉദാഹരണത്തിന്നു് ഇപ്പോാം പാർട്ടി തീരുമാനങ്ങാം ഒട്ടേറെ നന്നായി നടപ്പിലാക്കപ്പെടുന്നുണ്ടു്. മാത്രമല്ല ചുകപ്പുസേന ''അടി മുതൽ മുടി വരെ ജനാധിപത്യ കേന്ദ്രീകരണം'' പ്രയോഗിക്കണമെന്നും അല്ലെങ്കിൽ ചുകപ്പുസേനയിൽ ''താഴെ നിലവാരങ്ങളിൽ എല്ലാ പ്രശ്നങ്ങളും ഒന്നാമതായി ചർച്ച ചെയ്യപ്പെടട്ടെ. അതിന്നുശേഷം ഉയന്ന നിലവാരങ്ങളിൽ തീരുമാനമെടുക്കട്ടെ.'' എന്നും മററും ഉള്ള തെററായ അവകാശവാദങ്ങാം ആരും തന്നെ ഇപ്പോാം ഉന്നയിക്കാറുമില്ല. എന്നിരുന്നാലും യഥാത്ഥത്തിൽ ഈ കുറവു് താല്ക്കാലികവും പുറം

പൂച്ചിൽ മാത്രമുള്ളതുമാണ്. അതിരുകടന്ന ജനാധിപത്യ ആശ ്ങ്ങൾ പൂർണ്ണമായും ഇല്ലായ്മചെയ്യപ്പെട്ടുകഴിഞ്ഞിരിരിക്കുന്നു എന്ന് ഇതിന്നർത്ഥമാകുന്നില്ല. മററു വാക്കുകളിൽ പറയുകയാണെങ്കിൽ ഒട്ടനവധി സഖാക്കളുടെ മനസ്സുകളിൽ അതിരുകടന്ന ജനാധിപത്യം ഇപ്പോഴും ആഴത്തിൽ വേരൂന്നിക്കിടക്കുകയാണ്. പാർട്ടി തീരുമാനങ്ങൾ നടപ്പിലാക്കാനുള്ള വൈമനസ്യത്തിന്റെ വിവിധ രീതിയിലുള്ള പ്രകടനങ്ങൾ ഇതിന്നു് സാക്ഷ്യം വഹിക്കുന്നു.

ഇതു തിരുത്താനുള്ള സമ്പ്രദായങ്ങൾ താഴെ പറയും പ്രകാരമാണ്:

1. സൈദ്ധാന്തിക രംഗത്തു് അതിരുകടന്ന ജനാധിപത്യത്തിന്റെ വേരുകൾ നശിപ്പിക്കുക. ഒന്നാമതായി അതു പാർട്ടിസംഘടനയെ കേടുവരുത്തുകയോ അല്ലെങ്കിൽ അതിനെ പൂർണ്ണമായി തകർക്കുകപോലും ചെയ്യുകയോ, പാർട്ടിയുടെ സമരശേഷിയെ ക്ഷീണിപ്പിക്കുകയോ അല്ലെങ്കിൽ പൂർണ്ണമായും തുരങ്കംവയ്ക്കുകപോലും ചെയ്യുകയോ ചെയ്യുന്നു. അങ്ങിനെ പാർട്ടിയെ അതിന്റെ സമരകടമകൾ നിറവേററുന്നതിന്നു കഴിവില്ലാത്ത ഒന്നാക്കി മാററുകയും തന്മൂലം വിപ്ലവത്തിന്റെ പരാജയത്തിന്നിടവരുത്തുകയും ചെയ്യുന്നു. ഈ വസ്തുതയിലാണ് അതിരുകടന്ന ജനാധിപത്യത്തിന്റെ അപകടം സ്ഥിതിചെയ്യുന്നതു് എന്നു് ഇവിടെ ചൂണ്ടിക്കാട്ടേണ്ടിയിരിക്കുന്നു. രണ്ടാമതായി അച്ചടക്കത്തോടുള്ള പെററി ബൂർഷ്വാസിയുടെ വ്യക്തിനിഷ്ഠമായ കടുത്ത വിമുഖതയിലാണ് അതിരുകടന്ന ജനാധിപത്യത്തിന്റെ ഉറവിടം സ്ഥിതിചെയ്യുന്നതു് എന്നു് ചൂണ്ടിക്കാട്ടേണ്ടിയിരിക്കുന്നു. ഈ സ്വഭാവവിശേഷം പാർട്ടിക്കുള്ളിലേയ്ക്കു കൊണ്ടുവരുമ്പോൾ രാഷ്ട്രീയമായും സംഘടനാപരമായും ഉള്ള അതിരുകടന്ന ജനാധിപത്യ ആശയങ്ങളായി അതു് വികസിക്കുന്നു. ഈ ആശയങ്ങൾ തൊഴിലാളിവർഗ്ഗത്തിന്റെ സമരകടമകളുമായി ഒരു തരത്തിലും പൊരുത്തപ്പെടുന്നതല്ലതന്നെ.

2. സംഘടനാരംഗത്തു്, കേന്ദ്രീകൃത മാർഗ്ഗദർശന

ത്തിൻകീഴിൽ ജനാധിപത്യം ഉറപ്പുവരുത്തുക. താഴെ കൊടുക്കുന്ന മാർഗ്ഗങ്ങളനുസരിച്ചാണു് ഇതു് ചെയ്യേണ്ടതു്:

1. പാർട്ടിയുടെ നേതൃത്വഘടകങ്ങൾ തങ്ങളെ നേതൃത്വത്തിൻെറ കേന്ദ്രങ്ങളെന്നോണം സ്വയം സ്ഥാപിക്കുന്നതിന്നുവേണ്ടി മാർഗ്ഗദർശനത്തിൻെറ തികച്ചും ശരിയായ ഒരു വഴി കാട്ടിക്കൊടുക്കേണ്ടതും, പ്രശ്നങ്ങൾ പൊന്തിവരുമ്പോൾ പരിഹാരങ്ങൾ കണ്ടെത്തേണ്ടതുമാണു്.

2. തികച്ചും ശരിയായി വഴികാട്ടാനാവശ്യമായ വസ്തുനിഷ്ഠമായൊരടിസ്ഥാനമുണ്ടാകുന്നതിന്നു വേണ്ടി കീഴ്ഘടകങ്ങളിൽ നിലവിലുള്ള പരിതഃസ്ഥിതിയെപ്പററിയും ബഹുജനങ്ങളുടെ ജീവിതത്തെപ്പററിയും ഉയർന്ന ഘടകങ്ങൾ സുപരിചിതരായിരിക്കേണ്ടതാണു്.

3. പ്രശ്നങ്ങളെ പരിഹരിക്കുന്നതിൽ ഏതൊരു നിലവാരത്തിലുള്ള പാർട്ടി സംഘടനയും അലസമായി തീരുമാനങ്ങളെടുക്കാൻ പാടുള്ളതല്ല. ഒരിക്കൽ തീരുമാനത്തിലെത്തിക്കഴിഞ്ഞാൽപ്പിന്നെ അതു് ദൃഢമായി നടപ്പിൽ വരുത്തിയേ പററു.

4. പാർട്ടിയുടെ ഉയർന്നഘടകങ്ങൾ എടുക്കുന്നതല്ലെങ്കിലും പ്രാധാന്യമർഹിക്കുന്ന എല്ലാ തീരുമാനങ്ങളും, കീഴ്ഘടകങ്ങളിലേയ്ക്കും പാർട്ടി അണികളിലേയ്ക്കും ഒട്ടും കാലതാമസം കൂടാതെ എത്തിക്കേണ്ടതാണു്. സജീവപ്രവത്തകരുടേയോ, അല്ലെങ്കിൽ പാർട്ടി ബ്രാഞ്ചുകളുടേയോ ഗറില്ലാ വ്യൂഹങ്ങളുടെ[2] തന്നേയൊ (സാഹചര്യങ്ങൾ അനുവദിക്കുമ്പോൾ) മൊത്തം മെമ്പർഷിപ്പു് യോഗങ്ങൾ വിളിച്ചുകൂട്ടുകയും ഇത്തരം യോഗങ്ങളിൽ റിപ്പോർട്ടു ചെയ്യുവാൻ ആൾക്കാ

രെ ചുമതലപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഇതിൻെറ സമ്പ്രദായം.

5. മേൽഘടകങ്ങളുടെ നിർദ്ദേശങ്ങൾ, അവയുടെ അത്ഥം നല്ലവണ്ണം മനസ്സിലാക്കാനും അവ നടപ്പിലാക്കേണ്ട മാർഗ്ഗങ്ങളെപ്പററി തീരുമാനിക്കാനും വേണ്ടി പാർട്ടിയുടെ കീഴ്ഘടകങ്ങളും പാർട്ടി അണികളും വിശദമായി ചർച്ച ചെയ്യേണ്ടതാണ്.

## സംഘടനാപരമായ അച്ചടക്കത്തെ അവഗണിക്കുന്നതിനെപ്പററി

നാലാം സൈന്യത്തിലെ പാർട്ടി സംഘടനയിൽ സംഘടനാപരമായ അച്ചടക്കത്തോടുള്ള അവഗണന താഴെ പറയും പ്രകാരമാണ് പ്രകടമാകുന്നത്:

A. ഭൂരിപക്ഷത്തിനു വഴങ്ങുന്നതിൽ ന്യൂനപക്ഷത്തിൻെറ പരാജയം—ഉദാഹരണത്തിന്ന് ന്യൂനപക്ഷത്തിൻെറ ഉപക്ഷേപം വോട്ടിനിട്ടു പരാജയപ്പെട്ടെന്നു കാണുമ്പോൾ പാർട്ടി തീരുമാനങ്ങൾ അവർ ആത്മാത്ഥമായി നടപ്പിലാക്കുന്നില്ല.

തിരുത്തുവാനുള്ള സമ്പ്രദായങ്ങൾ താഴെ പറയും പ്രകാരമാണ്:

1. യോഗങ്ങളിൽ എല്ലാ പങ്കാളികളേയും കഴിയുന്നത്ര പൂണ്ണമായും തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഏതൊരു തർക്കത്തിലും ഒത്തുതീർപ്പും കണ്ണടച്ചു മയപ്പെടുത്തലും കൂടാതെ തെററും ശരിയും വ്യക്തമാക്കേണ്ടതാണ്. വ്യക്തമായ ഒരു തീരുമാനത്തിലെത്തിച്ചേരാൻ ഒരു യോഗത്തിൽ കഴിയാത്തപക്ഷം, പ്രവത്തനത്തിന്നു തടസ്ഥമാകുന്നില്ലെങ്കിൽ, മറെറാരു യോഗത്തിൽ ചച്ചചെയ്യേണ്ടതാണ്.

2. ന്യൂനപക്ഷം ഭൂരിപക്ഷത്തിനു് വഴങ്ങേണ്ടതാണു്. പാർട്ടി അച്ചടക്കത്തിൻെറ ഒരാവശ്യമാണു് അതു്. ന്യൂന പക്ഷത്തിൻെറ അഭിപ്രായം തള്ളപ്പെട്ടുകഴിഞ്ഞാൽ ഭൂരി പക്ഷം അംഗീകരിച്ച തീരുമാനത്തിന്നു് അതു് പിന്തുണ നല്കുകതന്നെ വേണം. ആവശ്യമായിവരികയാണെങ്കിൽ അടുത്ത യോഗത്തിൽ അക്കാര്യം വീണ്ടും പുനഃപ്പരിശോധ നക്കായി അതിനു് കൊണ്ടുവരാം. ഇപ്രകാരമല്ലാതെ യാ തൊന്നുകൊണ്ടും ഭൂരിപക്ഷത്തിൻെറ തീരുമാനത്തിന്നെതി രായി അതു് പ്രവർത്തിക്കാൻ പാടുള്ളതല്ല.

B. സംഘടനാപരമായ അച്ചടക്കത്തെ പരിഗണി ക്കാതെ നടത്തുന്ന വിമർശനം.

1. പാർട്ടി സംഘടന ശക്തിപ്പെടുത്താനും അ തിൻെറ സമരശേഷി വർദ്ധിപ്പിക്കാനുംവേണ്ടിയുള്ള ഒരായു ധമാണു് ഉൾപ്പാർട്ടിവിമർശനം. എന്നിരിക്കിലും ചുകപ്പു സേനയിലെ പാർട്ടി സംഘടനയിൽ വിമർശനം എല്ലാ യ്പോഴും ഈ സ്വഭാവത്തിലുള്ളതല്ല. ചിലപ്പോൾ അതു് വ്യക്തിപരമായ എതിർപ്പുകളായി പരിണമിക്കുന്നു. തന്മൂലം അതു വ്യക്തികളെപ്പോലെത്തന്നെ സംഘടനയേയും കേടു വരുത്തുന്നു. ഇതു് പെററി ബൂർഷ്വാ വ്യക്തിത്വത്തിൻെറ ഒരു പ്രകടനമാണു്. വിമർശനത്തിൻെറ ഉദ്ദേശം വർഗ്ഗസമര ത്തിൽ വിജയം വരിക്കാൻവേണ്ടി പാർട്ടിയുടെ സമര ശേഷി വർദ്ധിപ്പിക്കുകയാണെന്നും, വ്യക്തിപരമായ എതിർ പ്പിന്നു് അതുപയോഗിക്കാൻ പാടുള്ളതല്ലെന്നും മനസ്സിലാ ക്കിക്കാൻ പാർട്ടി മെമ്പർമാരെ സഹായിക്കുക എന്ന താണു് ഇതു തിരുത്തുവാനുള്ള സമ്പ്രദായം.

2. ഒട്ടനവധി പാർട്ടി സഖാക്കൾ അവരുടെ വിമർ നങ്ങൾ നടത്തുന്നതു് പാർട്ടിക്കകത്തല്ല, പുറത്താണു്. പാർട്ടി സംഘടനയുടെ പ്രാധാന്യം (അതിൻെറ യോഗങ്ങ ളുടേയും മററും) ഇനിയും മൊത്തം അംഗങ്ങൾ ഗ്രഹിച്ചി ട്ടില്ല എന്നതാണു് ഇതിന്നു കാരണം. അവരാണെങ്കിൽ സംഘടനക്കകത്തുള്ള വിമർശനവും പുറത്തുള്ള വിമർശനവും തമ്മിൽ ഒരു വ്യത്യാസവും കാണുന്നില്ല. പാർട്ടി സംഘ

ടനയുടെ പ്രാധാന്യം മനസ്സിലാക്കിക്കാനും, പാർട്ടി കമ്മിററികളേയൊ സഖാക്കളേയൊ പററിയുള്ള അവരുടെ വിമർശനങ്ങൾ പാർട്ടി യോഗങ്ങളിൽവെച്ച് നടത്താനും അംഗങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുകയാണ് ഇത് തിരുത്തുവാനുള്ള സമ്പ്രദായം.

## തനി സമന്മാർ എന്ന വാദത്തെപ്പററി

ഒരു സമയത്തു് തനി സമന്മാർ എന്ന വാദം ചുകപ്പുസേനയിൽ അത്യന്തം ഗുരുതരമായിത്തീരുകയുണ്ടായി. ഇതാ ചില ഉദാഹരണങ്ങൾ: മുറിവേററ സൈനികർക്കുള്ള അലവൻസുകളുടെ കാര്യത്തിൽ നിസ്സാരമായ മുറിവേററവരും ഗുരുതരമായ മുറിവേററവരും തമ്മിൽ വേർതിരിച്ചു കാണുന്നതിനോട് എതിർപ്പുകൾ ഉണ്ടായിരുന്നു. എല്ലാവർക്കും തുല്യ അലവൻസുകൾ നല്കണം എന്ന അവകാശവാദം ഉന്നയിക്കപ്പെടുകയും ചെയ്തിരുന്നു. ഓഫീസർമാർ കുതിരപ്പുറത്തു സഞ്ചരിക്കുമ്പോൾ അതു് അവരുടെ ചുമതലകൾ നിർവ്വഹിക്കുവാൻ ആവശ്യമായ ഒന്നായല്ല, മറിച്ച് അസമത്വത്തിന്റെ ഒരു ചിഹ്നമായാണ് കരുതിയതു്. ഭക്ഷണസാധനങ്ങളുടേയും മററും തികച്ചും തുല്യമായ വിതരണം ആവശ്യപ്പെടുകയും പ്രത്യേക പരിതസ്ഥിതികളിൽ ചിലർക്ക് കുറച്ചൊക്കെ കൂടുതൽ വീതിച്ചുകൊടുക്കുന്നതിനെ എതിർക്കുകയും ചെയ്തു. അരി ചുമന്നുകൊണ്ടുപോകുന്ന പ്രശ്നത്തിൽ പ്രായം, ശാരീരികാവസ്ഥ എന്നിവയൊന്നും പരിഗണിക്കാതെ എല്ലാവരും തുല്യഭാരം ചുമക്കേണ്ടതാണെന്ന അവകാശവാദവും ഉന്നയിക്കപ്പെട്ടു. സേനയുടെ നീക്കത്തിന്നിടയിൽ സൈനികർക്ക് തങ്ങാനായി വീടുകൾ വീതിക്കുന്ന കാര്യത്തിലും തുല്യത അവകാശപ്പെടുകയുണ്ടായി. വലിയ മുറികളുപയോഗിക്കുന്നതിന്നു് ഹെഡ്കോർട്ടേഴ്സിന്റെ കേന്ദ്രത്തെ അധിക്ഷേപിക്കുകയും ചെയ്തിരുന്നു. ശ്രമകരമായ ജോലികളിൽ നിശ്ചയിക്കുമ്പോൾ സമത്വം അവകാശപ്പെടുകയും തൊട്ടടുത്ത ആൾ ചെയ്യുന്നതിൽ തെല്ലുപോലും കൂടുതൽ ചെയ്യാൻ വൈമനസ്യം കാട്ടുകയും ചെയ്തു. രണ്ടു മുറിവേററവരും ഒരു മഞ്ചൽ മാത്രവും ഉള്ളപ്പോൾ ഓരോരുത്തരും മറെറാരാൾക്കു മുൻഗണന കൊടുക്കാൻ വിസ

മ്മതിച്ചതുകാരണം ആരേയും‌തന്നെ വഹിച്ചു കൊണ്ടുപോകാൻ സാദ്ധ്യമാകാത്ത സ്ഥിതിവരേയും ഇതു ചെന്നെത്തിച്ചു, ഈ ഉദാഹരണങ്ങളിൽ കാണിച്ച പ്രകാരമുള്ള തനി സമന്മാർ എന്ന വാദം ചുകപ്പുസേനയിലെ ഓഫീസർമാരുടേയും സൈനികരുടേയും ഇടയിൽ ഇന്നും വളരെ ഗുരുതരമായി നിലനില്ക്കുന്നു.

രാഷ്ട്രീയ കാര്യങ്ങളിൽ അതിരു കടന്ന ജനാധിപത്യത്തെപ്പോലെതന്നെ തനി സമന്മാർ എന്ന വാദവും കൈവേലയുടേതും ചെറുകിടകൃഷികൻെറതുമായ സമ്പത്‌വ്യവസ്ഥയുടെ ഒരു ഉല്പന്നമാണ്. ഒന്ന് ഭൗതികകാര്യങ്ങളിൽ സ്വയം പ്രകടമാകുമ്പോൾ മററത് രാഷ്ട്രീയ കാര്യങ്ങളിലാണ് പ്രകടമാകുന്നത് എന്ന ഒരേയൊരു വ്യത്യാസമെയുള്ളു.

തിരുത്താനുള്ള സമ്പ്രദായം :

മുതലാളിത്തത്തെ റദ്ദാക്കുന്നതിൻെറമുമ്പ് തനി സമന്മാർ എന്ന വാദം ചെറുകിട ഉടമകളെന്നോണമുള്ള കൃഷികരുടെ ഒരു വെറും വ്യാമോഹം മാത്രമാണെന്നും സോഷ്യലിസത്തിന്നു കീഴിൽ പോലും തനി സമത്വം സാദ്ധ്യമല്ലെന്നും നാം ചൂണ്ടിക്കാട്ടേണ്ടതാണ്. കാരണം അപ്പോൾ ''ഓരോരുത്തരിൽനിന്നും അവരവരുടെ കഴിവിന്നനുസൃതമായി, ഓരോരുത്തർക്കും അവർചെയ്യു ജോലിക്കനുസൃതമായി'' എന്ന തത്വത്തിന്നുപുറമെ, ജോലിയുടെ ആവശ്യങ്ങൾ നിറവേററുന്നതിൻേറതായ തത്വത്തിന്നനുസരിച്ചും ആയിരിക്കുംഭൗതിക സാധനങ്ങളുടെ വിതരണം നടത്തുക. ഓഫീസർമാർക്കും സാധാരണ അണികൾക്കും തുല്യ ശമ്പളം എന്ന കാര്യത്തിലേതുപോലെ ഭൗതികസാധനങ്ങളുടെ വിതരണവും ചുകപ്പുസേനയിൽ ഏറെക്കുറെ തുല്യമായിരിക്കണം. കാരണം സമരത്തിൻെറ ഇന്നത്തെ സാഹചര്യങ്ങൾ ഇതാവശ്യമാക്കിത്തീർക്കുന്നു. പക്ഷെ, സാമാന്യ നീതിയെ മറികടക്കുന്ന തനി സമന്മാർ എന്ന വാദത്തെ എതിർത്തേതീരൂ. കാരണം അത് സമരത്തിന്ന് ആവശ്യമായ ഒന്നല്ല, നേരെമറിച്ച് സമരത്തെ അത് തടസ്ഥപ്പെടുത്തുന്നു.

## ആത്മനിഷ്ഠാവാദത്തെപ്പററി

ചില പാർട്ടി അംഗങ്ങൾക്കിടയിൽ ആത്മനിഷ്ഠാവാദം ഒരു ഗുരുതരമായ തോതിൽ നിലനില്ക്കുന്നുണ്ട്. ഇതു് രാഷ്ട്രീയ സാഹചര്യത്തിന്റെ വിശകലനത്തിന്നും പ്രവത്തനത്തിന്റെ മാർഗ്ഗദർശനത്തിന്നും വമ്പിച്ചഹാനി വരുത്തിവെക്കുന്നു. ഒരു രാഷ്ട്രീയ സാഹചര്യത്തിന്റെ ആത്മനിഷ്ഠമായ വിശകലനവും, പ്രവത്തനത്തിന്നുള്ള ആത്മനിഷ്ഠമായ മാർഗ്ഗദർശനവും അനിവാര്യമായും അവസരവാദത്തിലൊ, പുഷരിസത്തിലൊ കൊണ്ടുചെന്നെത്തിക്കുന്നു എന്നതാണിതിന്നു കാരണം. ആത്മനിഷ്ഠമായ വിമർശനത്തേയൊ അയഞ്ഞതും അടിസ്ഥാനരഹിതവുമായ സംസാരത്തേയോ സംശയമനോഭാവത്തേയൊ സംബന്ധിച്ചാണെങ്കിൽ പാർട്ടിക്കള്ളിലെ ഇത്തരം പ്രവത്തനരീതികൾ മിക്കപ്പോഴും തത്വത്തിലധിഷ്ഠിതമല്ലാത്ത വഴക്കുകൾ വളർത്തുകയും പാർട്ടി സംഘടനയെ തുരങ്കം വെക്കുകയും ചെയ്യുന്നു.

ഉൾപ്പാർട്ടി വിമർശനത്തെ സംബന്ധിച്ചിടത്തോളം പറയേണ്ട മറെറാരു കാര്യം ഇതാണു്: വിമർശനം നടത്തുമ്പോൾ ചില സഖാക്കൾ പ്രാധാന്യമുള്ള പ്രശ്നങ്ങളോടു കണ്ണടയ്ക്കുകയും തങ്ങളുടെ ശ്രദ്ധ നിസ്സാരമായ കാര്യങ്ങളിൽ ഒതുക്കിനിർത്തുകയും ചെയ്യുന്നു. രാഷ്ട്രീയവും സംഘടനാപരവുമായ തെററുകൾ ചൂണ്ടിക്കാട്ടുക എന്നതാണു് വിമർശനത്തിന്റെ പ്രധാന കടമയെന്നു് അവർ മനസ്സിലാക്കുന്നില്ല. വ്യക്തിപരമായ കുറവുകളെപ്പററി പറയുകയാണെങ്കിൽ അവ രാഷ്ട്രീയമൊ, സംഘടനാപരമോ ആയ തെററുകളുമായി ബന്ധപ്പെട്ടവയല്ലെങ്കിൽ അമിതമായി വിമർശിക്കുന്നതിന്റേയും അങ്ങിനെ ബന്ധപ്പെട്ട സഖാക്കളെ വിഷമത്തിലാക്കുന്നതിന്റേയും യാതൊരു ആവശ്യവും ഇല്ലതന്നെ. കൂടാതെ ഒരിക്കൽ അത്തരം വിമർശനം വളരാൻ തുടങ്ങിയാൽ പാർട്ടി മെമ്പർമാരുടെ ശ്രദ്ധ നിസ്സാര കോട്ടങ്ങളിൽ മാത്രമായി കേന്ദ്രീകരിക്കുന്നേതും തന്മൂലം എല്ലാവരും ഭയചകിതരും, വേണ്ടതിലധികം മുൻകരുതൽ എടുക്കുന്ന

വരുമായിത്തീരുന്നതും പാർട്ടിയുടെ രാഷ്ട്രീയ കടമകഠം തന്നെ മറന്നുപോകുന്നതുമായ ദുഷിച്ച വിപത്ത് ഉണ്ടാകുന്നതാണ്.

തങ്ങളുടെ ചിന്തയിലും പാർട്ടി ജീവിതത്തിലും രാഷ്ട്രീയവും ശാസ്ത്രീയവുമായ ഒരു സ്പിരിട്ട് സർവ്വത്ര പ്രകടമാവാനുതകുമാറ് പാർട്ടി അംഗങ്ങഠംക്ക് ശിക്ഷണം നല്കുക എന്നതാണ് ഇതു് തിരുത്തുവാനുള്ള മുഖ്യ പ്രവർത്തനക്രമം. ഇതിന്നുവേണ്ടി നാം താഴെ പറയുന്ന കാര്യങ്ങഠം ചെയ്യേണ്ടതാണ്. 1. രാഷ്ട്രീയ സാഹചര്യം വിശകലനം ചെയ്യുന്നതിലും വർഗ്ഗശക്തികളെ വിലയിരുത്തുന്നതിലും, ആത്മനിഷ്ഠമായ ഒരു വിശകലനവും വിലയിരുത്തലും നടത്തുന്നതിന്നുപകരം മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സമ്പ്രദായം പ്രയോഗിക്കാൻ പാർട്ടി അംഗങ്ങളെ പഠിപ്പിക്കുക. 2. സമരത്തിന്റെ അടവുകളും പ്രവർത്തനക്രമങ്ങളും നിർണ്ണയിക്കാനുതകുമാറ് സാമൂഹ്യവും സാമ്പത്തികവുമായ സൂക്ഷ്മനിരീക്ഷണവും പഠനവും നടത്തുന്നതിലേയ്ക്ക് പാർട്ടിയംഗങ്ങളുടെ ശ്രദ്ധ തിരിച്ചുവിടുകയും യഥാർത്ഥ സാഹചര്യങ്ങളുടെ സൂക്ഷ്മനിരീക്ഷണമില്ലെങ്കിൽ തങ്ങഠം മിഥ്യാലോകത്തിന്റേയും, പുഛരിസത്തിന്റേയും കുണ്ടിൽ വീഴുമെന്നു മനസ്സിലാക്കാൻ സഖാക്കളെ സഹായിക്കുകയും ചെയ്യുക. 3. ഉഠം പ്പാർട്ടി വിമർശനം നടത്തുമ്പോഠം ആത്മനിഷ്ഠാവാദത്തിന്നും തന്നിഷ്ടപ്രകാരം തീരുമാനങ്ങളെടുക്കുന്നതിന്നും, വിമർശനത്തെ വികൃതമാക്കിത്തീർക്കുന്നതിന്നുമെതിരായി മുൻകരുതലുകളെടുക്കുക. പ്രസ്താവനകഠം വസ്തുതകളെ അടിസ്ഥാനപ്പെടുത്തിയും, വിമർശനം രാഷ്ട്രീയത്തെ കേന്ദ്രമാക്കിയുമായിരിക്കണം.

## വ്യക്തിമനോഭാവത്തെപ്പററി

ചുകപ്പ് സേനയിലെ പാർട്ടിസംഘടനയിൽ വ്യക്തിമനോഭാവത്തിലേയ്ക്കുള്ള പ്രവണത താഴെ പറയും പ്രകാരമാണ് പ്രകടമാകുന്നതു്.

1. പക വീട്ടൽ— പാർട്ടിക്കുള്ളിൽ ഒരു സൈനിക

സഖാവിനാൽ വിമർശിക്കപ്പെട്ടതിനുശേഷം ചില സഖാക്കാം പാട്ടിക്കു പുറത്തുവച്ച് പക വീട്ടാനുള്ള അവസരങ്ങാം കണ്ടെത്താൻ ശ്രമിക്കുന്നു. ബന്ധപ്പെട്ട സഖാവിനെ അടിക്കുകയൊ ശകാരിക്കുകയൊ ആണു് ഇതിന്നുള്ള ഒരു വഴി. പാർട്ടിക്കുള്ളിൽവച്ചും പക വീട്ടാൻ അവർ ശ്രമിക്കുന്നു. ''ഈ യോഗത്തിൽവെച്ച് നിങ്ങാം എന്നെ വിമർശിച്ചിട്ടുണ്ടു്. അതുകൊണ്ടു്, അടുത്ത യോഗത്തിൽ പക വീട്ടാൻ എന്തെങ്കിലും വഴി ഞാൻ കണ്ടുപിടിക്കും.'' ഇത്തരം പക വീട്ടൽ വെറും വ്യക്തിപരമായ പരിഗണനകളിൽനിന്നാണു് ഉത്ഭവിക്കുന്നതു്. ഇതാകട്ടെ വർഗ്ഗത്തിൻേറയും പാർട്ടിയുടേയും മുഴുവൻ താല്പര്യങ്ങളേയും അവഗണിക്കുന്നു. ഇതിൻെറ ഉന്നം ശത്രുവർഗ്ഗമല്ല, മറിച്ച് നമ്മുടെ സ്വന്തം അണികളിൽത്തന്നെയുള്ള വ്യക്തികളാണു്. സംഘടനയേയും അതിൻെറ സമരശേഷിയേയും ബലഹീനമാക്കുന്ന ഒരു നശീകരണ വസ്തുവാണിതു്.

2. ''ചെറുഗ്രൂപ്പ്'' മനോഭാവം — ചില സഖാക്കാം അവരുടെസ്വന്തമായ ചെറുഗ്രൂപ്പിൻെറ താല്പര്യങ്ങാം മാത്രം പരിഗണിക്കുകയും പൊതു താല്പര്യത്തെ അവഗണിക്കുകയും ചെയ്യുന്നു. വ്യക്തിപരമായ താല്പര്യങ്ങാം തേടിപ്പോകലാണിതെന്നു് പ്രത്യക്ഷത്തിൽ തോന്നാനിടയില്ലെങ്കിലും യഥാത്ഥത്തിൽ ഏററവും ഇടുങ്ങിയ വ്യക്തിമനോഭാവത്തിൻെറ ഉദാഹരണമാണിതു്. നശീകരണത്തിൻേറയും എല്ലാം തന്നിലേക്കു് വലിച്ചെടുക്കുന്നതിൻേറയും ശക്തമായ ഒരു ഫലം അതുണ്ടാക്കുന്നുണ്ടു്. ചുകപ്പുസേനയിൽ ''ചെറുഗ്രൂപ്പ്'' മനോഭാവം വളരെയേറെ വ്യാപകമായിരുന്നു. വിമർശനത്തിൻെറ ഫലമായി കുറച്ചൊക്കെ പുരോഗതിയുണ്ടായിരുന്നെങ്കിൽക്കൂടിയും ഇപ്പോഴും അതിൻെറ അവശിഷ്ടങ്ങാം നിലനില്ക്കുന്നുണ്ടു്. അതിനെ തരണം ചെയ്യാൻ ഇനിയും കൂടുതൽ പരിശ്രമം ആവശ്യമാണു്.

3. ''ശമ്പളക്കാരൻ'' മനോഭാവം— തങ്ങാം അംഗങ്ങളായിട്ടുള്ള പാട്ടി, ചുകപ്പുസേന എന്നിവ രണ്ടും വിപ്ലവത്തിൻെറ കടമകാം നിവ്വഹിക്കാനുള്ള ഉപകരണങ്ങളാണെന്നു് ചില സഖാക്കാം മനസ്സിലാക്കുന്നില്ല. തങ്ങാം

തന്നെ വിപ്ലവം ഉണ്ടാക്കുന്നവരാണെന്നു് അവർ ധരിക്കുന്നില്ല. പകരം തങ്ങളുടെ സ്വന്തം മേലുദ്യോഗസ്ഥന്മാരോട്ട മാത്രമാണു് വിപ്ലവത്തോടല്ല തങ്ങൾ ചുമതലപ്പെട്ടിരിക്കുന്നതെന്നു് അവർ കരുതുന്നു. വിപ്ലവത്തിന്റെ ഒരു ''ശമ്പളക്കാര''ന്റേതായ ഈ നിഷ്ക്രിയമനോഭാവവും വ്യക്തിമനോഭാവത്തിന്റെ ഒരു പ്രകടന രൂപമാണു്. വിപ്ലവത്തിന്നു വേണ്ടി നിരുപാധികമായി പ്രവർത്തിക്കുന്ന സജീവപ്രവത്തകർ വളരെയേറെ എന്നുകൊണ്ടില്ല എന്ന കാര്യം ഇതു് വിശദമാക്കുന്നു. ഇതു് ഇല്ലായ്മ ചെയ്തില്ലെങ്കിൽ സജീവ പ്രവത്തകരുടെ എണ്ണം വദ്ധിക്കുന്നില്ലെന്നു് മാത്രമല്ല, വിപ്ലവത്തിന്റെ കനത്ത ഭാരം ഒരു ചെറു കൂട്ടം ആൾക്കാരുടെ ചുമലുകളിൽ സ്ഥിതിചെയ്യുന്നതും ഇതു് സമരത്തിന്നു് ഹാനികരമാകുന്നതുമാണു്.

4. സുഖലോലുപത തേടൽ— തങ്ങളുടെ വ്യക്തിമനോഭാവം സുഖലോലുപത തേടലായി പ്രകടമാകുന്ന കുറെയേറെ പേർക്കൂടി ചുകപ്പുസേനയിലുണ്ടു്. തങ്ങളുടെ സൈനിക ഘടകം വൻനഗരങ്ങളിലേയ്ക്കു മാർച്ചുചെയ്യട്ടെ എന്നു എല്ലായ്പ്പോഴും അവരാശിക്കുന്നു. ജോലികൾ എടുക്കാനല്ല സ്വയം ആനന്ദിക്കാനാണു് അവർ അവിടെ പോകാനാഗ്രഹിക്കുന്നതു്. ജീവിതം വിഷമകരമായ ചുകപ്പുപ്രദേശങ്ങളിൽ പ്രവത്തിക്കുകയെന്നതു് മനമില്ലാമനസ്സോടെയാണു് അവർ അംഗീകരിക്കുന്നതു്.

5. നിഷ്ക്രിയത്വം— തങ്ങളുടെ ആഗ്രഹങ്ങൾക്കെതിരായി എന്തെങ്കിലും നടക്കുമ്പോഴൊക്കെ ചില സഖാക്കൾ നിഷ്ക്രിയരാവുകയും പ്രവത്തനം നിത്തുകയും ചെയ്യുന്നു. കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലൊ പ്രവൃത്തി തിട്ടപ്പെടുത്തുന്നതിലൊ അച്ചടക്കം ചുമത്തുന്നതിലൊ പ്രകടമാകുന്ന നേതൃത്വത്തിന്റെ ശരിയല്ലാത്ത സമ്പ്രദായം കാരണമായാണു് ചിലപ്പോഴൊക്കെ ഇതു സംഭവിക്കുന്നതെങ്കിൽ കൂടിയും മുഖ്യമായും ഇതിന്നു് കാരണം വിദ്യാഭ്യാസത്തിന്റെ അഭാവമാണു്.

6. സേനയിൽ നിന്നു് വിട്ടുപോകാനുള്ള ആഗ്ര

ഹം— ചുകപ്പുസേനയിൽ നിന്നു് പ്രാദേശിക പ്രവത്തനത്തിലേയ്ക്കു മാററം ആവശ്യപ്പെടുന്നവരുടെ എണ്ണം വദ്ധിച്ചുവരികയാണു്. ഇതിനുള്ള കാരണം മുഴുവനായും വ്യക്തികളിൽ മാത്രമല്ല സ്ഥിതിചെയ്യുന്നതു്. താഴെ പറയുന്നവയും അതിൻെറ കാരണങ്ങളാണു്. 1) ചുകപ്പുസേനയിലെ ജീവിതത്തിൽ ഭൗതികാവശ്യങ്ങൾക്കു വേണ്ടിയുള്ള സാധനങ്ങളുടെ ദൗർല്ലഭ്യത്തിൽ നിന്നുളവാകുന്ന വിഷമതകൾ. 2) ദീർഘിച്ച സമരത്തിന്നു ശേഷമുള്ള തളച്ച്. 3) കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലൊ, പ്രവൃത്തി തിട്ടപ്പെടുത്തുന്നതിലൊ അല്ലെങ്കിൽ അച്ചടക്കം ചുമത്തുന്നതിലൊ പ്രകടമാകുന്ന നേതൃത്വത്തിൻെറ ശരിയല്ലാത്ത സമ്പ്രദായം.

തിരുത്തുവാനുള്ള സമ്പ്രദായം പ്രത്യയശാസ്ത്രപരമായി വ്യക്തി മനോഭാവത്തെ തിരുത്തുന്നതിന്നുവേണ്ടി പ്രാഥമികമായും വിദ്യാഭ്യാസം ശക്തിപ്പെടുത്തുക എന്നതാണു്. അനുയോജ്യമായ രീതിയിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുകയും, ജോലികൾ തിട്ടപ്പെടുത്തുകയും അച്ചടക്കം പ്രാബല്യത്തിൽ കൊണ്ടുവരികയും എന്നതു് പിന്നീടു് വരുന്നു. ഇതിന്നുപുറമെ ചുകപ്പുസേനയിലെ ഭൗതികജീവിതം മെച്ചപ്പെടുത്തുവാനുള്ള മാഗ്ഗങ്ങൾ തീച്ചയായും കണ്ടെത്തുകയും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ലഭ്യമാകുന്ന അവസരങ്ങളെല്ലാം വിശ്രമത്തിന്നും പുനരധിവാസത്തിന്നും വേണ്ടി ഉപയോഗിക്കകയും വേണം. പെററിബൂഷ്വാ, ബൂഷ്വാ ആശയങ്ങളുടെ പാർട്ടിക്കള്ളിലെ ഒരു പ്രതിഫലനമാണു് അതിൻെറ സാമൂഹ്യഉല്പത്തിയിൽ, വ്യക്തിമനോഭാവം എന്നു് നമ്മുടെ വിദ്യാഭ്യാസപ്രവത്തനത്തിൽ വിശദീകരിക്കുകയും ചെയ്യണം.

## അലഞ്ഞുനടക്കുന്ന കലാപസംഘങ്ങളുടെ ആശയസംഹിത

ചുകപ്പുസേനയിൽ തെണ്ടികളുടെ തോതു് കൂടുതലായതിനാലും, ചൈനയിൽ, തെക്കൻപ്രവിശ്യകളിൽ പ്രത്യേ

കിച്ചം, തെണ്ടി വിഭാഗങ്ങരം വളരെയേറെയുള്ളതിനാലു മാണ് അലഞ്ഞുനടക്കുന്ന കലാപസംഘങ്ങളുടെ രാഷ്ട്രീയ മായ ആശയസംഹിത ചുകപ്പുസേനയിൽ ആവിർഭവിച്ചിട്ടുള്ളത്. ഈ ആശയസംഹിത താഴെ പറയുംപ്രകാരമാണ് പ്രകടമാകുന്നത്: 1. ചില സഖാക്കരം അലഞ്ഞുനട ക്കുന്ന ഗറില്ലാ പ്രവൎത്തനങ്ങരംകൊണ്ടുമാത്രം നമ്മുടെ രാഷ്ട്രീ യസ്വാധീനം വൎദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്നു. അതേസ മയം താവളപ്രദേശങ്ങരം കെട്ടിപ്പടുക്കുകയും ജനകീയ രാ ഷ്ട്രീയാധികാരം സ്ഥാപിക്കുകയും ചെയ്യുകയെന്ന ശ്രമകര മായ കടമ ഏറ്റെടുത്തുകൊണ്ട് നമ്മുടെ രാഷ്ട്രീയസ്വാധീനം വൎദ്ധിപ്പിക്കുന്നതിന്നു് അവർ തയ്യാറാവുന്നില്ല. 2. ചുക പ്പുസേനയെ വികസിപ്പിക്കുന്ന കാര്യത്തിൽ പ്രാദേശിക റെഡ്ഗാർഡുകളേയും, പ്രാദേശികസേനകളേയും വികസി പ്പിക്കുകയും അങ്ങിനെ ചുകപ്പുസേനയുടെ മുഖ്യശക്തികളെ വളൎത്തിയെടുക്കുകയും ചെയ്യുകയെന്ന ലൈനിന്നു് പകരം ''ആരംക്കാരെ കൂലിക്കു വെക്കുകയും, കുതിരകളെ വിലയ്ക്കു വാങ്ങുകയും'', ''ചാടിപ്പോന്നവരെ നമ്മുടെ സൈന്യത്തി ലേക്കു് എടുക്കുകയും, പട്ടാളത്തിൽ ലഹളയുണ്ടാക്കി വന്ന വരെ സ്വീകരിക്കുക''[3] യും ചെയ്യുക എന്ന ലൈനാണു് ചില ആരംക്കാർ പിന്തുടരുന്നതു്. 3. ബഹുജനങ്ങളു മായി കൂടിച്ചേൎന്നുകൊണ്ടു് ശ്രമകരമായ സമരങ്ങരം നടത്തി ക്കൊണ്ടേയിരിക്കാനുള്ള ക്ഷമ ചില ആരംക്കാൎക്കില്ല. അ വരാഗ്രഹിക്കുന്നതു് മുഷ്ടാന്നമായി തിന്നാനും കുടിക്കാനും വേണ്ടി വൻനഗരങ്ങളിലേക്കു് പോകുക മാത്രമാണു്. അ ലഞ്ഞുനടക്കുന്ന കലാപകാരികളുടെ ആശയ സംഹിതയുടെ ഈ എല്ലാ പ്രകടനങ്ങളും അതിൻെറ വേണ്ടപ്പെട്ട കടമകരം നിൎവ്വഹിക്കുന്നതിൽനിന്നു് ചുകപ്പുസേനയെ ഗുരുതരമായി തടസ്ഥപ്പെടുത്തുന്നു. തന്നിമിത്തം ചുകപ്പുസേനയിലെ പാർട്ടി സംഘടനകളുള്ളിലെ പ്രത്യയശാസ്ത്രപരമായ സമര ത്തിൻെറ ഒരു പ്രധാന ലക്ഷ്യമാണു് ഇത്തരം പ്രകടനങ്ങളെ ഇല്ലായ്മചെയ്യൽ. ഹ്വയാങ്ങ് ചാവൊ,[4] ലീചുവാങ്ങ്[5] എന്നിവരുടെ മാതൃകയിലുള്ള അലഞ്ഞുനടക്കുന്ന കലാപ രികളുടേതായ സമ്പ്രദായങ്ങരം ഇന്നത്തെ സാഹചര്യങ്ങ ളിൽ അനുവദനീയമല്ല എന്നു മനസ്സിലാക്കിയേ തീരൂ.

തിരുത്താനുള്ള സമ്പ്രദായങ്ങൾ താഴെ പറയും പ്രകാരമാണ്.

1. വിദ്യാഭ്യാസം ഊർജ്ജിതമാക്കുക, ശരിയല്ലാത്ത ആശയങ്ങളെ വിമർശിക്കുക, അലഞ്ഞുനടക്കുന്ന കലാപ സംഘങ്ങളുടെ ആശയസംഹിതയെ ഇല്ലായ്മചെയ്യുക.

2. തെണ്ടികളുടേതായ വീക്ഷണത്തെ നേരിടാനായി ചുകപ്പുസേനയിലെ അടിസ്ഥാനവിഭാഗങ്ങളുടെ ഇടയിലും, അടുത്തകാലത്തായി തടവുകാരായി പിടിച്ചശേഷം സേനയിലേയ്ക്കെടുത്തവരുടെ ഇടയിലും വിദ്യാഭ്യാസം ഊർജ്ജിതമാക്കുക.

3. ചുകപ്പുസേനയുടെ ഉള്ളടക്കത്തിൽ മാററം വരുത്താനായി സമരത്തിൽ പരിചയം സിദ്ധിച്ച കർമ്മോന്മുഖരായ തൊഴിലാളികളേയും കർഷകരേയും അതിന്റെ അണികളിലേക്കു് കൊണ്ടുവരിക.

4. സമരോത്സുകരായ തൊഴിലാളികളുടേയും കർഷകരുടേയും ബഹുജനവിഭാഗങ്ങൾക്കിടയിൽനിന്നു് ചുകപ്പുസേനയുടെ പുതിയ ഘടകങ്ങൾ സൃഷ്ടിക്കുക.

## പുഛരിസത്തിന്റെ അവശിഷ്ടങ്ങളെപ്പററി

ചുകപ്പുസേനയിലെ പാർട്ടി സംഘടന ഇതിനകം തന്നെ പുഛരിസത്തിന്നെതിരായി സമരങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ആവശ്യമായത്ര അതു് ഇനിയും ചെയ്തുകഴിഞ്ഞിട്ടില്ല. അതുകൊണ്ടു് ചുകപ്പുസേനയിൽ ഈ ആശയസംഹിതയുടെ അവശിഷ്ടങ്ങൾ ഇപ്പോഴും നിലനില്ക്കുന്നു. അവയുടെ പ്രകടിതരൂപങ്ങൾ ഇപ്രകാരമാണ്. 1. ആത്മനിഷ്ഠവും വസ്തുനിഷ്ഠവുമായ സാഹചര്യങ്ങളെ ഒട്ടും പരിഗണിക്കാതെ അന്ധമായ സംഘട്ടനങ്ങളിൽ ഏർപ്പെടൽ. 2. നഗരങ്ങൾക്കായുള്ള പാർട്ടി നയങ്ങളുടെ അപര്യാപ്തവും മനസ്സുറപ്പില്ലാത്തതുമായ പ്രയോഗം. 3. അയഞ്ഞ സൈനിക അച്ചടക്കം, പ്രത്യേകിച്ചും പരാജയപ്പെടുന്ന സന്ദർഭങ്ങ

ളിൽ. 4. ചില ഘടകങ്ങളുടെ വീടുകത്തിക്കൽ നടപടികാം. 5. സേനയിൽനിന്ന് ചാടിപ്പോകുന്നവരെ വെടിവെയ്ക്കുന്നതും ഗുരുതരമായ ശാരീരിക ദണ്ഡനങ്ങളേല്പിച്ച് ശിക്ഷനൽകുന്നതുമായ പ്രവർത്തനസമ്പ്രദായങ്ങൾ; ഇവ രണ്ടും പുഷരിസത്തിന്റെ ചുവകലന്നവയാണ്. അതിന്റെ സാമൂഹ്യമായ ഉറവിടങ്ങളിൽ പുഷരിസം തെണ്ടിതൊഴിലാളി വർഗ്ഗത്തിന്റേയും, പെററിബൂഷ്വാസിയുടേയും ആശയസംഹിതയുടെ ഒരു സംയോജനമാണ്.

തിരുത്താനുള്ള സമ്പ്രദായങ്ങൾ താഴെ പറയും പ്രകാരമാണ്:

1. പ്രത്യയശാസ്ത്രപരമായി പുഷരിസത്തെ ഇല്ലായ്മ ചെയ്യുക.

2. നിയമങ്ങൾ, ചട്ടങ്ങൾ, നയങ്ങൾ എന്നിവയിലൂടെ പുഷരിസത്തിന്റേതായ പെരുമാററങ്ങൾ തിരുത്തുക.

# കുറിപ്പുകൾ

1. 1927 ലെ വിപ്ലവത്തിൻെറ പരാജയത്തിന്നുശേഷം ഒരു ചുരുങ്ങിയ കാലഘട്ടത്തേയ്ക്കു കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഒരു "ഇടതു" പുഛരിസത്തിൻേറതായ പ്രവണത പൊന്തി വന്നു. ഈ പുഛരിസം ബാധിച്ച സഖാക്കൾ ചൈനീസ് വിപ്ലവത്തെ ഒരു "സ്ഥിരം വിപ്ലവ"മെന്നും, ചൈനയിലെ വിപ്ലവസാഹചര്യത്തെ ഒരു സ്ഥിരം ഇരമ്പിക്കയററമെന്നും കരുതിക്കൊണ്ട് ഒരു ക്രമാനുസരണമായ പിൻവാങ്ങൽ സംഘടിപ്പിക്കാൻ വിസമ്മതിച്ചു. മാത്രമല്ല, കമാൻറിസത്തിൻെറ സമ്പ്രദായങ്ങൾ സ്വീകരിച്ചും കുറച്ചുപാർട്ടി മെമ്പർമാരിലും, ഒരു ചെറുവിഭാഗം ബഹുജനങ്ങളിലും മാത്രമാശ്രയിച്ചും വിജയത്തിൻെറ യാതൊരു സാദ്ധ്യതയുമില്ലാത്ത പ്രാദേശിക ഉയിത്തെഴുന്നേല്പുകളുടെ പരമ്പരതന്നെ രാജ്യത്താകമാനം സംഘടിപ്പിക്കാൻ ഇവർ തെററായി ശ്രമിച്ചു. ഇത്തരം പുഛരിസം ബാധിച്ച പ്രവർത്തനങ്ങൾ 1927 ൻെറ അവസാനത്തിൽ വ്യാപകമായിരുന്നു. പക്ഷെ 1928 ൻെറ ആരംഭത്തിൽ ചില സഖാക്കൾക്കിടയിൽ പുഛരിസത്തിന്നനുകൂലമായ മനോഭാവങ്ങൾ അപ്പോഴും നിലനിന്നിരുന്നുവെങ്കിലും ഇത്തരം പ്രവർത്തനങ്ങൾ ക്രമേണ കെട്ടണയുകയാണുണ്ടായതു്.

2. ഗറില്ലാസംഘടനാസമ്പ്രദായത്തിൽ ഒരു സൈന്യവ്യൂഹം (കോളം) സ്ഥിരം സേനയിലെ ഒരു ഡിവിഷനോടു തുല്യമായിരുന്നു. അതേസമയം അതിലെ അംഗസംഖ്യ താരതമ്യേന അയവുള്ളതും, സാധാരണയായി വളരെയേറെ ചെറുതുമായിരുന്നു.

3. ചൈനീസ് ചരിത്രത്തിലെ ചില കലാപകാരികൾ തങ്ങളുടെ സേനകളെ വികസിപ്പിക്കാൻ സ്വീകരിച്ച സമ്പ്രദായങ്ങളെയാണ് ഈ രണ്ടു് ചൈനീസ് പ്രയോഗങ്ങൾ പരാമശിക്കുന്നതു്. ഈ സമ്പ്രദായങ്ങൾ പ്രയോഗിക്കുന്നതിൽ ഗുണത്തിന്നു് പകരം എണ്ണത്തിലായിരുന്നു ശ്രദ്ധചെലുത്തിയിരുന്നതു്. മാത്രമല്ല അണികളെ പെരുപ്പിക്കാനായി പലതരത്തിലുംപെട്ട ആൾക്കാരെ യാതൊരു വകതിരിവുമില്ലാതെ ഇതിൽ ചേർക്കുകയും ചെയ്തു.

4. ടാങ്ങ്‌രാജവംശത്തിൻെറ അവസാനകാലത്തിലെ കൃഷകകലാപങ്ങളുടെ നേതാവായിരുന്നു ഹ്വാങ്ങ് ചാവൊ. ക്രിസ്ത്വാബ്ദം 875ൽ അദ്ദേഹത്തിൻെറ സ്വന്തം ജില്ലയായ സവൊചൗ (ഇപ്പോൾ ഷാൻടുങ്ങിലെ

ഹോട്സെ കൗണ്ടി) വിൽനിന്നു് തുടങ്ങി രാജകീയസേനകൾക്കെതിരായ വിജയകരമായ പോരാട്ടങ്ങളിൽ ഹ്വാങ്ങ് സായുധരായ കൎഷകരെ നയിക്കുകയും, തന്നെ "സ്വൎഗ്ഗത്തെപ്പോലും പിടിച്ചു കുലുക്കുന്ന ജനറൽ" എന്നു സ്വയം വിശേഷിപ്പിക്കുകയും ചെയ്തു. ഒരു ദശകത്തിന്നിടയിൽ മഞ്ഞനദി, യാങ്ങ്ട്സിനദി, ഹ്വയിനദി, മുത്തുനദി എന്നിവയുടെ താഴ്വാരങ്ങളിലെ മിക്ക പ്രവിശ്യകളുടേയും മീതെ അയാൾ ആഞ്ഞടിക്കുകയും ക്വാങ്ങ്സിവരെ എത്തിച്ചേരുകയും ചെയ്തു. അവസാനം അയാൾ തുങ്ങ്ക്വാൻ ചുരം ഭേദിച്ചു് കടക്കുകയും ചാങ്ങ്ഗാനിന്റെ രാജകീയ തലസ്ഥാനം (ഇപ്പോൾ ഷെൻസിയിലെ സിയാൻ) പിടിച്ചടക്കുകയും, അഭ്യന്തര കലഹങ്ങളും ടാങ്ങ്സേനകളുടെഹാൻ വംശജരല്ലാത്ത ഇതര ഗോത്രമിത്രങ്ങൾ സംഘടിപ്പിച്ച ആക്രമണങ്ങളും കാരണം ചാങ്ങ്ഗാൻ കൈവിടാനും സ്വന്തം ജില്ലയിലേയ്ക്കു പിൻവാങ്ങാനും ഹ്വാങ്ങ് നിൎബ്ബന്ധിതനായി. അവിടെ വെച്ചു് അയാൾ ആത്മഹത്യ ചെയ്തു. അയാൾ നടത്തിയ പത്തു വൎഷത്തെ യുദ്ധം ചൈനീസ് ചരിത്രത്തിലെ കൎഷകയുദ്ധങ്ങളിൽവെച്ചു് ഏററവും പ്രസിദ്ധമായ ഒന്നാണു്. രാജവംശങ്ങളുടെ ചരിത്രകാരന്മാർ ഇതിനെപ്പററി ഇപ്രകാരം രേഖപ്പെടുത്തി: "ഭാരിച്ച നികുതികൾകൊണ്ടും വാരംകൊണ്ടും കഷ്ടപ്പെടുന്ന എല്ലാജനങ്ങളും അയാളുടെ പുറവം അണിനിരന്നു." ഒരിക്കലുംതന്നെ താരതമ്യേന കെട്ടുറപ്പുള്ള താവളപ്രദേശങ്ങൾ സ്ഥാപിക്കാതെ അലഞ്ഞു നടക്കുന്ന യുദ്ധം മാത്രം നടത്തിയതുകൊണ്ടു് അയാളുടെ സേനകൾ "അലഞ്ഞു നടക്കുന്ന കലാപസംഘങ്ങൾ" എന്ന പേരിലാണറിയപ്പെട്ടിരുന്നതു്.

5. മിങ്ങ് രാജവംശത്തിന്റെ മറിച്ചിടലിന്നു് വഴി വെച്ച കൎഷകകലാപത്തിന്റെ നേതാവായിരുന്നു വടക്കൻ ഷെൻസിയിലെ മിച്ചിഹ് സ്വദേശിയായ ലി ച്വാങ്ങ്. ഈ പേരു് ച്വാങ്ങ് രാജാവു് എന്ന ലി സ്വ-ചെങ്ങ് (എന്തിനും തുനിയുന്ന രാജാവു്) എന്നതിന്റെ ചുരുക്കമായിരുന്നു. 1628ൽ വടക്കൻ ഷെൻസിയിൽ ഈ കലാപം ആദ്യമായി ആരംഭിച്ചു. കാവോയിങ്ങ്-സിയാങ്ങിന്റെ നേതൃത്വത്തിലുള്ള സേനകളുമായി ലി ചേരുകയും ഹൊനാൻ, ആൻഹ്വി പ്രദേശങ്ങളിലൂടേയും തിരിച്ചു ഷെൻസിയിലും സൈനിക നടപടികളിലേപ്പെടുകയും ചെയ്തു. 1636ൽ കാവോയുടെ മരണശേഷം ലി അയാളുടെ സ്ഥാനമേറെറടുക്കുകയും ച്വാങ്ങ് രാജാവായിത്തീരുകയും, ഷെൻസി, ഷെച്വാൻ, ഹൊനാൻ, ഹൂപെ പ്രവിശ്യകളിലും പുറത്തും സൈനിക നടപടികളിൽ ഏൎപ്പെടുകയും ചെയ്തു. അവസാനമായി 1644ൽ രാജകീയ തലസ്ഥാനമായ പീക്കിങ്ങ് അയാൾ പിടിച്ചടക്കി. അതോടുകൂടി അവസാനത്തെ മിങ്ങ് ചക്രവൎത്തി ആത്മഹത്യ

ചെയ്യുകയും ചെയ്തു. ബഹുജനങ്ങൾക്കിടയിൽ അയാൾ പ്രചരിപ്പിച്ച മുഖ്യ മുദ്രാവാക്യം ഇതായിരുന്നു: "ചുവാങ്ങ് രാജാവിനെ പിന്താങ്ങുക, യാതൊരു ധാന്യനികുതികളും കൊടുക്കാതിരിക്കുക." അയാളുടെ ആൾക്കാർക്കിടയിൽ അച്ചടക്കം നടപ്പിലാക്കാനുള്ള മറെറാരു മുദ്രാവാക്യം ഇതായിരുന്നു: "ഏതൊരു കൊലപാതകവും എന്റെ അച്ഛനെ കൊല്ലുന്നതിന്നു സമമാണ്. ഏതൊരു ബലാൽസംഗവും എന്റെ അമ്മയെ അപമാനിക്കുന്നതിന്നു തുല്യമാണ്." അങ്ങിനെ അയാൾ ബഹുജനങ്ങളുടെ പിന്തുണ നേടുകയും അയാളുടെ പ്രസ്ഥാനം രാജ്യമൊട്ടാകെ അലയടിച്ചു കൊണ്ടിരുന്ന കൃഷക കലാപങ്ങളുടെ മുഖ്യ പ്രവാഹമായിത്തീരുകയും ചെയ്തു. പക്ഷെ അയാൾ ഒരിക്കലും താരതമ്യേന കെട്ടുറപ്പുള്ള താവളപ്രദേശങ്ങൾ സ്ഥാപിക്കാതെ അലഞ്ഞുനടക്കുകയാണ് ചെയ്തതു്. ഇക്കാരണത്താൽ ഒരു മിങ്ങ് ജനറലായ വു സാൻ-കുയി, ചിങ്ങ് പട്ടാളക്കാരുമായി ചേർന്ന് ഒരു സംയുക്ത ആക്രമണം നടത്തി അവസാനത്തിൽ ലീയെ പരാജയപ്പെടുത്തി.

## അച്ചടിയിൽ:

1. മഹത്തായ തൊഴിലാളിവർഗ്ഗ സാംസ്കാരിക
   വിപ്ലവം നീണാൾ വാഴട്ടെ!

2. ചൈനയുടെ വിപ്ലവപരമായ യുദ്ധത്തിലെ
   തന്ത്രത്തിന്റെ പ്രശ്നങ്ങൾ

3. പുസ്തകാരാധനയെ എതിർക്കുക (രണ്ടാംപതിപ്പ്)

## *In Print:*

1. Long Live the Great Proletarian
   Cultural Revolution

2. Problems of Strategy in
   China's Revolutionary War

3. Oppose Book Worship
   (Second Edition)

വില: 0.30

*Mascot Press, Calicut.*